ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27-03-2025**

## പ്രധാനവാർത്തകൾ

1) മുണ്ടക്കൈ- ചൂരൽമല ദുരന്തബാധിതർക്കുള്ള മാതൃകാ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. നാടിൻറെ ഒരുമയുടെ കരുത്താണിതെന്ന് മുഖ്യമന്ത്രി.

2) സംസ്ഥാനത്തെ ഒന്നാം ക്ലാസ് പ്രവേശന പ്രായം 2026-27 അധ്യയന വർഷം മുതൽ ആറുവയസാക്കേണ്ടതുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

3) റാഗിംഗ് വിരുദ്ധ നിയമപരിഷ്കരണ കർമ്മസമിതി സംസ്ഥാനത്ത് ഉടൻ യോഗം ചേരണമെന്ന് ഹൈക്കോടതി

4) വേനൽക്കാലത്തെ കഠിനമായ ചൂടിനെ നേരിടുന്നതിന് സംസ്ഥാനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി കേന്ദ്ര സർക്കാർ.

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും.

*******************

RNU TVPM

# മുഖ്യമന്ത്രി വയനാട് (ഇൻട്രോ)

മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനുള്ള മാതൃകാ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. വൈകാരിക നിമിഷമാണിതെന്നും, നാടിൻറെ ഒരുമയുടെ കരുത്താണ് കാര്യങ്ങളെ ഈ സ്ഥിതിയിലേക്ക് എത്തിച്ചതെന്നും മുഖ്യമന്ത്രി ചടങ്ങിൽ വ്യക്തമാക്കി. എല്ലാ ഇടങ്ങളിൽ നിന്നുമുള്ള സഹായങ്ങളെ ഏകോപിപ്പിച്ച് അസാധാരണ ഇടപെടലാണ് പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നടത്തിവരുന്നത്. പുനരധിവാസത്തിനുള്ള കേന്ദ്രസഹായത്തിൻറെ കാര്യത്തിൽ ഇതുവരെ വ്യക്തതയില്ലെന്നും, ധനസഹായത്തിന് പകരം വായ്പയാണ് കേന്ദ്രം അനുവദിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നാടിൻറെ ഒരുമയും, ഐക്യവുമാണ് നടപടികൾ മുന്നോട്ട് പോകാൻ സഹായിച്ചതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

ലോകത്തിന് മാതൃകയാകുന്ന തരം പുനരധിവാസത്തിനാണ് തുടക്കം കുറിക്കുന്നതെന്നും, ഒരു ദുരന്തബാധിതരും ഒറ്റപ്പെടില്ലെന്നും ചടങ്ങിന് അധ്യക്ഷത വഹിച്ച റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. മന്ത്രിമാരായ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, കടന്നപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, പ്രിയങ്ക ഗാന്ധി എംപി തുടങ്ങിയ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ, ആയിരം ചതുരശ്രയടി വിസ്തീർണത്തിലാണ് വീടുകൾ നിർമിക്കുക. പൊതുസ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രം, അങ്കണവാടി, വ്യാപാര സൗകര്യങ്ങൾ, കമ്മ്യൂണിറ്റി സെൻ്റർ തുടങ്ങിയവയും ടൗൺഷിപ്പിൽ ഒരുക്കുന്നുണ്ട്. ടൗൺഷിപ്പിൻറെ നിർമാണ

PNU TVPM

പ്രവർത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

*******************

## വി ശിവൻകുട്ടി -ഒന്നാം ക്ളാസ് പ്രവേശന പ്രായം

2026-27 അധ്യയന വർഷം മുതൽ ഒന്നാം ക്ളാസ് പ്രവേശന പ്രായം ആറുവയസാക്കേണ്ടതുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി . നിലവിൽ കേരളത്തിൽ ഒന്നാം ക്ളാസിൽ പ്രവേശനം നേടുന്നതിനുള്ള പ്രായം 5 വയസാണ്. എന്നാൽ ആറു വയസിന് ശേഷമാണ് കുട്ടികൾ വിദ്യാഭ്യാസത്തിനായി സജ്ജരാകുന്നതെന്നാണ് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഈ വർഷം എട്ടാം ക്ലാസ്സിൽ നടപ്പിലാക്കിയ സബ്ജക്ട് മിനിമം അടുത്ത അധ്യയന വർഷം ഒൻപതാം ക്ലാസ്സിലും കൂടി നടപ്പാക്കാനാണ് തീരുമാനമെന്നും മന്ത്രി പറഞ്ഞു.

*******************

PRD TVPM

## റാഗിംഗ് വിരുദ്ധ നിയമപരിഷ്കരണ കർമ്മസമിതി

സംസ്ഥാന സർക്കാർ രൂപീകരിച്ച റാഗിംഗ് വിരുദ്ധ നിയമപരിഷ്കരണ കർമ്മസമിതി ഉടൻ ആദ്യ യോഗം ചേർന്ന് ഭാവി പരിപാടികൾക്ക് രൂപം നൽകണമെന്ന് ഹൈക്കോടതി. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ ഇന്ന് കോടതിയെ അറിയിച്ചു.

സമിതിയിൽ അക്കാദമിക് രംഗത്തുനിന്നുള്ളവരെയും, മനശാസ്ത്ര വിദഗ്ധരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർധിച്ചുവരുന്ന റാഗിംഗിനെ കുറിച്ച്, ലീഗൽ സർവീസ് അതോറിറ്റി ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ്, ഹൈക്കോടതി പ്രത്യേക ബഞ്ച് രൂപീകരിച്ച് നിയമപരിഷ്കരണ സമിതിക്ക് രൂപം നൽകാൻ നിർദ്ദേശിച്ചത്.

*******************

## പാർലമെൻറ്

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭ പാസ്സാക്കി. പാസ്പോർട്ട്, വിസ, യാത്രാ രേഖകൾ എന്നിവയുമായി ബന്ധപ്പെട്ട് കുടിയേറ്റ നിയമങ്ങൾ നവീകരിക്കുകയാണ് ബിൽ ലക്ഷ്യമിടുന്നത്. ഭരണഘടനാ വിരുദ്ധമായ ബില്ലാണിതെന്നും, ഇമിഗ്രേഷൻ ഉദ്യോഗസ്ഥർക്ക് ജനങ്ങളെ പീഡിപ്പിക്കാൻ ഇത് അവസരമൊരുക്കുമെന്നും ചർച്ചയിൽ പങ്കെടുത്ത് കോൺഗ്രസ് എംപി മനീഷ് തിവാരി പറഞ്ഞു. ബിൽ സംയുക്ത പാർലമെൻററി സമിതിയ്ക്ക് വിടണമെന്നും കോൺഗ്രസ് ആവശ്യം ഉന്നയിച്ചു. രാജ്യസുരക്ഷ വളരെ പ്രധാനമാണെന്നും, ഇതിൽ വെല്ലുവിളി ഉയർത്താത്തവർക്ക് മാത്രമാണ് രാജ്യത്ത് പ്രവേശനം നൽകേണ്ടതെന്നും ഭരണപക്ഷ അംഗങ്ങൾ സഭയിൽ വ്യക്തമാക്കി.

*******************

## മലപ്പുറം -എച്ച്ഐവി (ഇൻട്രോ)

മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിലെ 9 പേർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു. കേരള എയ്ഡ്സ് സൊസൈറ്റി നടത്തിയ സ്ക്രീനിങ്ങിലാണ് എച്ച്ഐവി കണ്ടെത്തിയത്. ഇതിൽ മൂന്ന് പേർ ഇതര സംസ്ഥാന തൊഴിലാളികളാണ്. ഒരേ സിറിഞ്ച് ഉപയോഗിച്ചുള്ള ലഹരി ഉപയോഗമാണ് രോഗബാധയ്ക്ക് കാരണമായതെന്നും മലപ്പുറം ഡിഎംഒ പറഞ്ഞു.

(ഹോൾഡ്)

ജനുവരിയിൽ നടത്തിയ സ്ക്രീനിങ്ങിൽ ഒരാൾക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചതിന് പിന്നാലെ നടത്തിയ പരിശോധനയിലാണ് ഒമ്പത് പേർക്ക് വൈറസ് ബാധ സ്ഥിരീകരിച്ചത്. കൂടുതൽ പേർക്ക് രോഗബാധയുണ്ടാകാമെന്ന സംശയത്തിൻറെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് അടിയന്തര യോഗം ചേർന്നു.

*******************

RNU TVPM

## ചൂട്-കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ

വേനൽക്കാലത്തെ കഠിനമായ ചൂടിനെ നേരിടുന്നതിന് സംസ്ഥാനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവുമായി കേന്ദ്ര സർക്കാർ. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ എല്ലാ ജില്ലകളിലും ക്രമീകരണമൊരുക്കണമെന്ന്, ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ കേന്ദ്ര ആരോഗ്യ സെക്രട്ടറി
പുനിയ ശ്രീവാസ്തവ വ്യക്തമാക്കി. അവശ്യ മരുന്നുകൾ, ഐസ് പായ്ക്കുകൾ, ഒആർഎസ് ലായനി
എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണമെന്നും നിർദ്ദേശമുണ്ട്.

*******************

## പ്രൽഹാദ് ജോഷി

റേഷൻ കാർഡുടമകളുടെ മസ്റ്ററിംഗ് 94 ശതമാനം പൂർത്തിയാക്കിയതിന് കേരളത്തെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി. മന്ത്രി ജി.ആർ. അനിലുമായുള്ള കൂടിക്കാഴ്ചയിലാണ് കേന്ദ്രമന്ത്രി അഭിനന്ദനം അറിയിച്ചത്. റേഷൻ കാർഡ് മസ്റ്ററിംഗിനുള്ള കാലാവധി മേയ് 31 വരെയെങ്കിലും ദീർഘിപ്പിക്കണമെന്ന
ആവശ്യം പരിഗണിക്കാമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകിയതായും ശ്രീ ജി.ആർ അനിൽ പറഞ്ഞു .

*******************

## കർഷകത്തൊഴിലാളി-ധനസഹായം

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സംസ്ഥാന സർക്കാർ 30 കോടി രൂപ കൂടി ധനസഹായമായി അനുവദിച്ചു. കർഷകത്തൊഴിലാളികളുടെ അധിവർഷാനുകൂല്യ വിതരണത്തിനാണ് തുക അനുവദിച്ചത്.

*******************

## വി. അബ്ദുറഹ്മാൻ

ശബരിമലയിൽ ചലച്ചിത്ര താരം മോഹൻലാൽ, മമ്മൂട്ടിക്ക് വേണ്ടി വഴിപാട് നടത്തിയ വിഷയത്തിൽ ചിലർ നടത്തിയ വർഗീയവിഷം വമിക്കുന്ന പ്രസ്താവനകൾ തീർത്തും അപലപനീയമാണെന്ന്

RNU TVPM

മന്ത്രി വി. അബ്ദുറഹ്മാൻ. കേരളം പുലർത്തി വരുന്ന മതനിരപേക്ഷതയുടെ സത്ത ഉൾക്കൊള്ളാൻ കഴിയാതെ നിരുത്തരവാദപരമായി പ്രസ്താവനകൾ നടത്തുന്നവർ നാടിന് അപമാനമാണെന്നും മന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

*******************

## ദീപക്കിന്റെ കൊലപാതകം (ഹൈക്കോടതി)

തൃശ്ശൂർ നാട്ടികയിലെ ജനതാദൾ യു നേതാവ് ദീപക്കിന്റെ കൊലപാതകത്തിൽ കീഴ്ക്കോടതി വെറുതെ വിട്ട അഞ്ചു പ്രതികൾ കുറ്റക്കാരാണെന്ന് ഹൈക്കോടതി . ഋഷികേശ്, നിജിൻ , പ്രശാന്ത്, രശാന്ത്, ബ്രഷ്ലേവ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്യ്ത് അടുത്തമാസം എട്ടിന് ഹാജരാക്കാൻ ഡിവിഷൻ ബഞ്ച് ഉത്തരവിട്ടു.

*******************

RNU TVPM

## മലക്കുട മഹോത്സവം

ദക്ഷിണേന്ത്യയിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവിരുത്തി മലനടയിലെ മലക്കുടമഹോത്സവം നാളെ വൈകുന്നേരം നടക്കും. കറുപ്പ് കച്ചയുടുത്ത് മലർക്കുടയേന്തി കുന്നിറങ്ങുന്ന ഊരാളി, ജനങ്ങളെ അനുഗ്രഹിച്ച് കുന്നുകയറി ക്ഷേത്രത്തിലേക്ക് മടങ്ങുന്നതാണ് പ്രധാന ചടങ്. പതിനായിരങ്ങൾക്ക് ആവേശക്കാഴ്ചയായി നെടുംകുതിരയെടുപ്പും നാളെ നടക്കും.

*******************

## നെന്മാറ-വല്ലങ്ങി വേല- വെടിക്കെട്ട്

നെന്മാറ-വല്ലങ്ങി വേലയോടനുബന്ധിച്ചുള്ള വെടിക്കെട്ടിന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അനുമതി നിഷേധിച്ചു. ഏപ്രിൽ 2, 3, 4 തീയതികളിൽ വൈകുന്നേരം വെടിക്കെട്ട് നടത്തുന്നതിനുള്ള വല്ലങ്ങി ദേശം കമ്മിറ്റിയുടെ അപേക്ഷയാണ് നിരസിച്ചത്.

*******************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും. ഹൈദരാബാദ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*******************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം .സെൻസെക്സ് 318 പോയിന്റ് ഉയർന്ന് 77,606 ലും, നിഫ്റ്റി 105 പോയിന്റ് നേട്ടത്തിൽ 23,592 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർദ്ധന. പവന് 320 രൂപ വർദ്ധിച്ച് 65,880 രൂപയും ഗ്രാമിന് 40 രൂപ വർദ്ധിച്ച് 8,235 രൂപയുമാണ് ഇന്നത്തെ വില.

*******************

## തലശ്ശേരി കടൽപ്പാലം

തലശ്ശേരി കടൽപ്പാലം കേന്ദ്രീകരിച്ചുള്ള മാലിന്യ നിക്ഷേപം തടയുന്നതിനായി ജനകീയ പങ്കാളിത്തത്തോടെ സ്ഥാപിച്ച നിരീക്ഷണ ക്യാമറയുടെ സ്വിച്ച് ഓൺ കർമം സ്പീക്കർ എ. എൻ ഷംസീർ നിർവഹിച്ചു. മത്സ്യ വ്യാപാരികളുടെയും, മറ്റ് കച്ചവടക്കാരുടെയും പിന്തുണയോടെ, പോലീസ് എയ്ഡ് പോസ്റ്റ് മുതൽ മത്സ്യമാർക്കറ്റ് വരെയാണ് ക്യാമറകൾ സ്ഥാപിച്ചത്.

*******************

************

********

RNUTVPM